ഉത്തരം

(എ) ഉണ്ട്.

(ബി) ആർ.എസ്.ബി.വൈ. (രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന) പദ്ധതിയുടെ കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം പ്രധാനമായും ആരോഗ്യ കാർഡ് കൈവശമുള്ള അഞ്ചു പേരടങ്ങുന്ന കുടുംബങ്ങൾക്ക്, ആർ.എസ്.ബി.വൈ. പദ്ധതിയുമായി സഹകരിച്ച് വരുന്ന ആശുപത്രികളിൽ നിന്നും (ചികിത്സയ്ക്കും ചികിത്സ കഴിഞ്ഞ് ഡിസ്ചാർജ് ആകുന്ന സമയത്ത് യാത്ര ചെലവിനായി നൂറു രൂപയും ഉൾപ്പെടെ) ഒരു കുടുംബത്തിന് പ്രതിവർഷം മുപ്പതിനായിരം രൂപയുടെ ചികിത്സാ ആനുകൂല്യം നൽകി വരുന്നു. ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം സാധുതയുള്ള ആരോഗ്യ കാർഡ് ലഭിച്ചിട്ടുള്ള കുടുംബങ്ങളിലെ കുടുംബനാഥനോ, കുടുംബനാഥയ്ക്കോ അപകടമരണം സംഭവിക്കുകയാണെങ്കിൽ അനന്തരാവകാശികൾക്ക് രണ്ടുലക്ഷം രൂപയുടെ മരണാനന്തര ധനസഹായവും നൽകി വരുന്നു.

(സി) ഭരണതലത്തിൽ രൂപവത്കരിച്ചിട്ടുള്ള ഉന്നതാധികാര സമിതിയുടെ നിയന്ത്രണത്തിലും കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി കേരളയുടെ മേൽനോട്ടത്തിലും ടി പദ്ധതി സുഗമമായും കാര്യക്ഷമമായും നടപ്പിലാക്കി വരുന്നു.

ഒ.ബി.സി. ലിസ്റ്റിലുള്ളവർക്ക് ജാതി സർട്ടിഫിക്കറ്റ്

289(2758) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഒ.ബി.സി. ലിസ്റ്റിലുള്ള Vannia Gouder വിഭാഗത്തിലുള്ളവർക്ക് സംസ്ഥാന സർക്കാരിൽ നിന്നും ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സംസ്ഥാനത്ത് താമസിക്കുന്ന Vannia Gouder വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷകളിൽ റിസർവേഷൻ ലഭിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) Vannia Gouder വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) Vannia Gouder വിഭാഗം സംസ്ഥാനത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടാത്തതിനാൽ ഒ.ബി.സി. ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാനാവില്ല. സംസ്ഥാനത്തിന് പുറത്തു നിന്നുള്ളവർ ഇവിടെ, താൽക്കാലിക താമസമാണെങ്കിൽ (Migrants) സ്വന്തം സംസ്ഥാനത്തു നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഈ സംസ്ഥാനത്തെ റവന്യൂ ഉദ്യോഗസ്ഥരിൽ നിന്നും സർട്ടിഫിക്കറ്റ് സമ്പാദിക്കാവുന്നതാണ്. അവർക്ക് ഈ സംസ്ഥാനത്തുള്ളവർക്കുള്ള പ്രത്യേക സംവരണാവകാശങ്ങൾ ലഭിക്കുന്നതല്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായുള്ള പദ്ധതികൾ

290(2759) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മാവേലിക്കരയിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

291(2760) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി ക്ഷേമവകുപ്പിന്റെ കീഴിൽ നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ മാത്രമാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാവേലിക്കരയിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly